പത്രക്കുറിപ്പ്
16-3-2018

## 'നീതം' നീതിക്കായ് ഒരു കൂട്ടായ്മ:
### അതിക്രമങ്ങൾക്കെതിരേ അയൽക്കൂട്ടങ്ങളെ സജ്ജമാക്കി
### കുടുംബശ്രീയുടെ സംസ്ഥാനതല ക്യാമ്പെയ്ൻ മുന്നേറുന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് അതിക്രമങ്ങൾക്കെതിരേയുള്ള പ്രതിരോധവും പ്രതികരണവും അയൽക്കൂട്ടങ്ങളിൽ എന്ന ലക്ഷ്യത്തോടെ ഫെബ്രുവരി 10ന് ആരംഭിച്ച സംസ്ഥാനതല ക്യാമ്പെയ്ൻ വിജയകരമായി മുന്നേറുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് വ്യത്യസ്തവും വൈവിധ്യവുമായ നിരവധി പരിപാടികൾ അയൽക്കൂട്ടതലം മുതൽ സംസ്ഥാനതലം വരെ സംഘടിപ്പിക്കുന്നത്. സമാപന സമ്മേളനം 20,21,22 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ക്യാമ്പെയ്ന്റെ പ്രധാനലക്ഷ്യങ്ങളിലൊന്ന് സംസ്ഥാനത്ത് സ്ത്രീ ശിശു സൗഹൃദ പ്രാദേശിക ഇടം സൃഷ്ടിക്കുക എന്നതാണ്. കൂടാതെ ലിംഗവിവേചനത്തിലധിഷ്ഠിതമായ അതിക്രമങ്ങളെ ചെറുക്കുകയും പ്രതിരോധിക്കുകയും ചെയ്യുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമത്തിനെതിരേ പ്രതികരിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന ഒരു കൂട്ടായ്മയെ സൃഷ്ടിക്കുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് പിന്തുണാ സഹായം നൽകുകയും സംവിധാനങ്ങളെ കാര്യക്ഷമമാക്കുകയും ചെയ്യുക, അവകാശങ്ങളിൽ അധിഷ്ഠിതമായി സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിൽ സ്ത്രീകളെ പ്രാപ്തരാക്കുക, പൊതുവിഭവങ്ങളിൻ മേലും സേവന സംവിധാനങ്ങളിലും സ്ത്രീയുടെ പ്രാപ്യത വർധിപ്പിക്കുക, നിലവിലെ നിയമങ്ങളെ കുറിച്ചും സഹായ സംവിധാനങ്ങളെ കുറിച്ചും അവബോധം സൃഷ്ടിക്കുക, നിലനിൽക്കുന്ന അരക്ഷിതാവസ്ഥകളെ കണ്ടെത്തിക്കൊണ്ട് അവ പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ക്യാമ്പെയ്ൻ നടപ്പാക്കുന്നത്. കാമ്പെയ്ൻ വഴി ലഭ്യമാകുന്ന വിവരങ്ങൾ വിവിധ തലങ്ങളിൽ ക്രോഡീകരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന വ്യത്യസ്തങ്ങളായ അതിക്രമങ്ങൾക്കും അരക്ഷിതാവസ്ഥകൾക്കുമെതിരേ പൊതു സമൂഹത്തിൽ വ്യക്തമായ കാഴ്ചപ്പാട് സൃഷ്ടിക്കുന്നതിനും അതുവഴി പ്രാദേശികമായും സംസ്ഥാന വ്യാപകമായും നടത്താൻ കഴിയുന്ന പദ്ധതികൾ വിദഗ്ധരുടെ നിർദേശ പ്രകാരം തയ്യാറാക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.
വളരെ വിപുലമായ പ്രവർത്തനങ്ങളാണ് കാമ്പെയ്നുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 2,53,906 അയൽക്കൂട്ടങ്ങളിലും 906 സി.ഡി.എസുകളിലും കുടുംബസംഗമം സംഘടിപ്പിച്ചു. കുടുംബശ്രീ വനിതകൾക്കൊപ്പം ഓരോ കുടുംബത്തിലെയും പുരുഷൻമാർ പങ്കെടുത്ത കുടുംബസംഗമത്തിൽ കുടുംബത്തിലെ ജനാധിപത്യം, അടിസ്ഥാന മാനുഷിക അവകാശങ്ങൾ, അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ യെ സംബന്ധിച്ച് ചർച്ചകളും സംഘടിപ്പിച്ചു. ഇപ്രകാരം അയൽക്കൂട്ടങ്ങളിൽ നടത്തിയ കുടുംബസംഗമങ്ങൾ സംബന്ധിച്ച പൂർണ വിവരങ്ങൾ എ.ഡി.എസ്തലത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്.

സി.ഡി.എസ്തലത്തിൽ 'അതിക്രമങ്ങൾക്കെതിരേ സഹയാത്രാ സംഗമം' എന്ന പേരിൽ ഒരു ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന പരിപാടികളും സംഘടിപ്പിച്ചു. കൂടാതെ സംസ്ഥാനത്തെ എല്ലാ ബ്ളോക്കുകളിലും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ ചലച്ചിത്ര പ്രദർശനവും സംഘടിപ്പിച്ചിരുന്നു. സ്ത്രീകേന്ദ്രീകൃത സിനിമകൾ, വനിതാ സംവിധായകരുടെ സിനിമകൾ, സ്ത്രീകൾക്കും കുട്ടികൾക്കും

എതിരെയുള്ള അതിക്രമം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സിനിമകൾ എന്നിവയാണ് കാമ്പെയ്നോടനുബന്ധിച്ച് ബ്ളോക്കുതലത്തിൽ പ്രദർശിപ്പിച്ചു വരുന്നത്. ജില്ലാതലത്തിൽ കുടുംബശ്രീ വനിതകൾക്കായി മൊബൈൽ ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. സ്ത്രീകളും തൊഴിലും, സ്ത്രീകളുടെ മുഖ്യധാരാവൽക്കരണം കുടുംബശ്രീയിലൂടെ, സ്ത്രീയും ഭരണ നിർവഹണവും എന്നീ വിഷയങ്ങളിലാണ് മത്സരം നടത്തുന്നത്.

കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ ജെൻഡർ റിസോഴ്സ് പേഴ്സൺമാർ, കമ്യൂണിറ്റി കൗൺസിലർമാർ, ബ്ളോക്ക് കോർഡിനേറ്റർമാർ, ഫെസിലിറ്റേറ്റർമാർ, ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ, ഡിസ്ട്രിക്ട് പ്രോജക്ട് മാനേജർമാർ എന്നിവർക്കാണ് കാമ്പെയ്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ